# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ റീത്ത



ഇറ്റലിയുടെ ഒരു പ്രവിശ്യയാണ് ഉംബ്രിയ. വി. ബനഡിക്റ്റും വി. ഫ്രാൻസിസ് അസീസ്സിയുമൊക്കെ ജനിച്ചത് ഈ പുണ്യസ്ഥലത്താണ്. ഉംബ്രിയയുടെ തെക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന പുരാതനപട്ടണമാണ് കാസിയാ. കാസിയായിൽനിന്ന് 3 മൈൽ സഞ്ചരിച്ചാൽ റൊക്കാപോറേനാ എന്ന താഴ്‌വരയിൽ എത്താം. ഈ ഗ്രാമത്തിലെ ഒരു കുലീന കർഷക കുടുംബം, അന്തോണിയോ മൻസീനിയും അമാത്താഫെറിയും. ആ ഗ്രാമത്തിലെ ഒരു നല്ല ക്രൈസ്തവസാക്ഷ്യമായിരുന്ന ഇവരുടേത്. അവർ തങ്ങളുടെ ജീവിതവും ഉപദേശവുംവഴി അനേകരെ യേശുവിലേക്ക് അടുപ്പിച്ചു. തകർന്ന അനേകം കുടുംബങ്ങളെ ഒരുമിച്ച് ചേർക്കുവാൻ ഇവരുടെ ഇടപെടൽ സഹായകമായി. യേശുവിന്റെ സമാധാനദൂതന്മാർ എന്നാണ് അവരെ നാട്ടുകാർ വിശേഷിപ്പിച്ചത്.

എന്നാൽ ഒരു സന്തോഷംമാത്രം ഇവരുടെ കുടുംബത്തെ വിട്ടുനിന്നു. വിവാഹം കഴിഞ്ഞ് വർഷങ്ങളായിട്ടും ഒരു കുഞ്ഞിക്കാലു കാണാൻ അവർക്ക് സാധിച്ചില്ല. ഒരു രാത്രി ദൈവദൂതൻ അമാത്തായ്ക്ക് പ്രത്യക്ഷപ്പെട്ട് സ്വർഗ്ഗത്തിൽ നിന്ന് സന്ദേശം അറിയിച്ചു. ദൂതൻ പറഞ്ഞു 'ദൈവത്തിന്റെ ഹിതമാണിത്. നിനക്ക് ഒരു മകൾ പിറക്കും. ജനനം മുതൽ അവളിൽ വിശുദ്ധിയുടെ മുദ്രപതിഞ്ഞിരിക്കും. അവളിൽ എല്ലാ പുണ്യങ്ങളും നിറഞ്ഞിരിക്കും. ഈ കുഞ്ഞ് ഭാവിയിൽ അശരണർക്ക് സഹായിയും ക്ലേശിതർക്ക് മധ്യസ്ഥയുമായിരിക്കും. സഭയുടെ വിതാനത്തിൽ അവൾ ഒരു പ്രകാശഗോളമായിരിക്കും'. അമാത്ത ഓടി മൻസീനിയെ ഇക്കാര്യം അറിയിച്ചു. അവർ ഇരുവരും മുട്ടിന്മേൽ നിന്ന് ദൈവത്തിന് നന്ദിപറഞ്ഞു. നീണ്ട കാത്തിരിപ്പിനുശേഷം കാലം കാത്തിരുന്ന ആ പുണ്യദിനം വന്നു. 1381 മെയ് 22, അമാത്തയ്ക്കും അന്തോണിയോയ്ക്കും ദൈവം ദാനമായി ഒരു പെൺകുഞ്ഞിനെ നൽകി. കുഞ്ഞിന് എന്ത് പേരിടണമെന്ന് ചിന്തിച്ച അവസരത്തിൽ ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് അമാത്തായോട് പറഞ്ഞു റീത്താ എന്ന് പേരിടുക. അങ്ങനെ ജനിച്ച് നാല് ദിവസമായപ്പോൾ കാസിയാ പള്ളിയിൽ വെച്ച് കുഞ്ഞിന് ജ്ഞാനസ്നാനം നൽകി റീത്താ എന്ന് പേരിട്ടു.

കുഞ്ഞുനാൾ മുതൽ റീത്തായിൽ നിഷ്കളങ്കതയും ഹൃദയനൈർമ്മല്യവും നിറഞ്ഞുനിന്നു. അവളുടെ ഓരോ പ്രവൃത്തിയും ദൈവികസാന്നിധ്യം നിറഞ്ഞതായിരുന്നു. ആത്മീയതയിൽ പ്രായത്തിനെക്കാൾ വളർച്ച ദൃശ്യമായിരുന്നു. ദൈവത്തിന് ഇഷ്ടപ്പെടാത്ത ഒരു കാര്യവും കുഞ്ഞുനാളിൽപോലും ഈ കുഞ്ഞ് ചെയ്തില്ല. എല്ലാ കുട്ടികളും കളിക്കോപ്പുകളുമായി ഉല്ലസിക്കുമ്പോൾ റീത്താക്കുഞ്ഞ് മാത്രം മാറിയിരുന്ന്

പ്രാർത്ഥിക്കുമായിരുന്നു. ഈശോയുടെ പീഢാനുഭവമായിരുന്നു. പലപ്പോഴും അവളുടെ ധ്യാനവിഷയം. പള്ളിയിൽ പോകാൻ അവൾക്ക് വലിയ താൽപര്യമായിരുന്നു. ദേവാലയത്തിൽ ചെന്ന് മുട്ടിന്മേൽനിന്ന് കുരിശുവരച്ച് കർത്താവിന്റെ മാലാഖചൊല്ലി യേശുവിന്റെ പീഡാനുഭത്തെപ്പറ്റി ധ്യാനിച്ചു പ്രാർത്ഥിക്കും. ആ കാലഘട്ടത്തിലെ രീതിയനുസരിച്ച് പെൺകുട്ടികൾ പന്ത്രണ്ടാം വയസ്സിൽ ഭാവി തീരുമാനം എടുക്കണം. വൃദ്ധരായ മാതാപിതാക്കൾ മക്കൾക്ക് വിവാഹാലോചനകൾ ആരംഭിച്ചു. എന്നാൽ റീത്തായാകട്ടെ തന്റെ കന്യാത്വം ദൈവത്തിന് സമർപ്പിക്കാൻ ആഗ്രഹിച്ചു. ഒരു ദിവസം അവൾ തന്റെ ആഗ്രഹം മാതാപിതാക്കളോട് തുറന്നുപറഞ്ഞു. അവർ ഞെട്ടിപ്പോയി. വൃദ്ധരായ തങ്ങളെ ശുശ്രൂഷിക്കുവാനുള്ളവൾ മഠത്തിലേക്ക് പോകുന്നുവോ.! അവരുടെ നെറ്റി ചുളിഞ്ഞു. മുഖത്ത് അതൃപ്തി പ്രകടമായി. തുടർന്ന്‌വന്ന ദിവസങ്ങളിലെല്ലാം റീത്തായും മാതാപിതാക്കളും തമ്മിൽ ഒരു വടംവലിതന്നെ നടന്നു.

അവസാനം തന്റെ ആഗ്രഹം ഉപേക്ഷിച്ച് മാതാപിതാക്കളെ അനുസരിക്കുവാൻ അവൾ തീരുമാനമെടുത്തു. എങ്കിലും ഒരു സിസ്റ്ററാകണമെന്നുള്ള തന്റെ ആഗ്രഹം ഉപേക്ഷിക്കാതെ ഹൃദയത്തിനുള്ളിൽ സൂക്ഷിച്ചു. റീത്തായ്ക്ക് വിവാഹാലോചനകൾ ഒന്നൊന്നായി വന്നു കൊണ്ടിരുന്നു. തന്റെ ഭാവി വരനെപ്പറ്റിയുള്ള തീരുമാനം അവൾ മാതാപിതാക്കൾക്ക് വിട്ടു. അവർ ഫെർഡിനാൻദോ എന്ന യുവാവിനെ തങ്ങളുടെ മകളുടെ ഭർത്താവായി തിരഞ്ഞെടുത്തു. ഏതാനും ദിവസങ്ങൾക്കുള്ളിൽ അവർ വിവാഹിതരായി. വിവാഹത്തിന്റെ ആദ്യദിനങ്ങൾ വളരെ സന്തോഷകരമായിരുന്നു. അവർ സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിച്ചു. കൊട്ടാരസദൃശ്യമായ ഭർതൃഭവനത്തിലെ റീത്തായുടെ ജീവിതം ഒരു ഉത്തമഭാര്യയുടേതായിരുന്നു. എങ്കിലും സമ്പന്നകുടുംബത്തിന്റെ ബാഹ്യമായ ആഘോഷങ്ങളിലൊന്നും അവൾ പങ്കെടുത്തില്ല. ദിവസങ്ങൾ കടന്നുപോയി ഫെർഡിനാൻദോ തന്റെ തനിനിറം പുറത്തെടുത്തു. അദ്ദേഹം റീത്തായെ മർദ്ദിക്കുകയും പരുഷമായി പെരുമാറുകയും ചെയ്തു. നിസ്സാരകാര്യങ്ങൾക്കുപോലും ദേഷ്യപ്പെടുകയും കുറ്റപ്പെടുത്തുകയും ചെയ്യുക അവന്റെ പതിവായി. കൂട്ടുകാരുമൊത്ത് ആനന്ദിക്കുന്നതിൽ അവൻ സമയം ചെലവഴിച്ചു. അവരുമൊത്ത് ചൂതുകളിയിൽ ഏർപ്പെട്ടു. കുടുംബത്തിലെ പണം ചോർന്നു പോകാൻ ഇത് ഇടയാക്കി.

റീത്താ ഒറ്റപ്പെട്ടവളും തഴയപ്പെട്ടവളുമായി. എങ്കിലും അവൾ ഭർത്താവിന്റെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഒരിക്കൽപ്പോലും മറ്റുള്ളവരുടെ മുൻപിൽ ഭർത്താവിനെ മോശക്കാരനോ ദുർമാർഗ്ഗിയോ ആയി ചിത്രീകരിച്ചില്ല. എല്ലാം ക്ഷമയോടെ സഹിച്ചു. കുഞ്ഞുനാളിലെ പീഢാനുഭവധ്യാനം ജീവിതപ്രശ്നങ്ങളുടെ നടുവിൽ പിടിച്ചു നിൽക്കാൻ സഹായകമായി. റീത്താ കർത്താവിന്റെ മുൻപിൽ കണ്ണുനീരോടെ പ്രാർത്ഥനയാരംഭിച്ചു. ഉപവാസവും പ്രായശ്ചിത്ത പ്രവൃത്തികളും ചെയ്തു. ഒരിക്കൽപ്പോലും അവൾ ഭർത്താവിനെ കുറ്റപ്പെടുത്തിയില്ലെന്ന് മാത്രമല്ല അദ്ദേഹത്തെ ബഹുമാനിച്ചും അനുസരിച്ചു ജീവിച്ചു. ആ നാട്ടിലെ ആദർശഭാര്യയായി അവൾ മാറി. അനേകം കുടുംബിനികൾക്ക് റീത്താ മാതൃകയായി. ഭർത്താവ് മദ്യപിച്ച് തന്റെ നേരെ ചെയ്ത അതിക്രമങ്ങൾ എന്തെല്ലാമാണെന്നും അതുവഴി കുടുംബത്തുണ്ടായ നഷ്ടം എത്രമാത്രമാണെന്നും ഫെർഡിനാൻദോയ്ക്ക് സുബോധം വരുമ്പോൾ പറഞ്ഞു മനസ്സിലാക്കാൻ അവൾ ശ്രമിച്ചു. റീത്തായുടെ വിധേയത്വവും പ്രവർത്തനവും പ്രാർത്ഥനയും ഫെർഡിനാൻദോയുടെ മനമിളക്കി. അവന് താൻ ചെയ്ത കാര്യങ്ങളെയോർത്ത് കുറ്റബോധം തോന്നുകയും ആ ചിന്ത മാനസാന്തരത്തിലേക്ക് നയിക്കുകയും ചെയ്തു. ക്രമേണ അദ്ദേഹത്തിന്റെ കോപം ശമിച്ചു. റീത്തായോടുള്ള പീഡനം അവസാനിപ്പിച്ചു. മദ്യപാനവും മോശമായ കൂട്ടുകെട്ടും ഉപേക്ഷിച്ചു. അനുതാപവും ലജ്ജയും അവനെ മഥിച്ചു. ഒരു നല്ല ഭാര്യയെ തന്നതിന് ദൈവത്തോട് നന്ദി പറഞ്ഞു.

റീത്തായുടെ പെരുമാറ്റം ഫെർഡിനാൻദോയെ ഒരു നല്ല ക്രിസ്ത്യാനിയാക്കി മാറ്റി. അവൻ നന്മയുടെ പടവുകൾ വേഗത്തിൽ ചവിട്ടികയറി. ഫെർഡിനാൻദോയുടെ മാനസാന്തരത്തിനുശേഷം അവരുടെ കുടുംബജീവിതത്തിൽ അനുഗ്രഹമഴ പെയ്യാൻ തുടങ്ങി. ഈ ദമ്പതികളുടെ ദാമ്പത്യവല്ലരിയിൽ രണ്ട് കുസുമങ്ങൾ വിരിഞ്ഞു. ആദ്യ കുഞ്ഞിന് ജിയോവാനിയെന്നും രണ്ടാമത്തെ കുഞ്ഞിന് പാവലോയെന്നും പേരിട്ടു. മക്കളെ അവർ അതീവ ശ്രദ്ധയോടെ ക്രിസ്തീയവിശ്വാസത്തിൽ വളർത്തി. ബൈബിൾകഥകളും ക്രിസ്തീയ മൂല്യങ്ങളും അവർക്ക് പറഞ്ഞുകൊടുത്തു. പിതാവായ ഫെർഡിനാൻദോ അവർക്ക് നല്ല മാതൃകയായി. ഈ സമയത്താണ് റീത്തായുടെ ഹൃദയത്തെ ഭേദിച്ച ആ സംഭവം ഉണ്ടായത്. മാനസാന്തരത്തിനുശേഷം ജീവിതം വളരെ ശാന്തമായി മുന്നേറുന്ന അവസരത്തിലാണ് ആ ദാരുണമായ സംഭവം നടന്നത്. ഫെർഡിനാൻദോ മാനസാന്തരപ്പെട്ടെങ്കിലും പണ്ട് അവൻ പീഡിപ്പിച്ച അനേകർ

അവനോട് പകവീട്ടാൻ കാത്തിരുന്നു. ഒരു ദിവസം റോക്കോപ്പോറേനായിലൂടെ സഞ്ചരിക്കുമ്പോൾ മുൻകാലശത്രുക്കൾ അവനെതിരെ ചീറിയടുത്തു. അവർ കരുതി വച്ചിരുന്ന കഠാര ഫെർഡിനാൻദോയുടെ ശരീരത്തിൽ കുത്തിയിറക്കി. ഫെർഡിനാൻദോ മരിച്ചു എന്ന് മനസ്സിലാക്കിയ അവർ മൃതശരീരം പെരുവഴിയിൽ ഉപേക്ഷിച്ച് കടന്നുകളഞ്ഞു.

റീത്താ വീണ്ടും ഒറ്റപ്പെട്ടു. ഭർത്താവിന്റെ മരണം അവളെ ദുഃഖത്തിലാഴ്ത്തി. ഭർത്താവ് അന്ത്യകൂദാശ സ്വീകരിക്കാതെയാണ് മരിച്ചതെന്നുള്ള ചിന്ത അവളുടെ ദുഃഖം വർധിപ്പിച്ചു. ഉത്തമഭാര്യയെന്ന നിലയിൽ ഭർത്താവിനുവേണ്ടി പ്രാർത്ഥനകളും ബലികളും ദൈവസന്നിധിയിൽ അർപ്പിച്ചു. ഒരു ദിവസം കണ്ണുനീരോടെ ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ഒരു ദൂതൻ റീത്തായ്ക്ക് പ്രത്യക്ഷപ്പെട്ടു. ദൈവദൂതൻ പറഞ്ഞു 'റീത്താ നിന്റെ പ്രാർത്ഥനകളും പ്രായ്ശ്ചിത്ത പ്രവൃത്തികളും ദൈവം കണ്ടിരിക്കുന്നു. നിന്റെ ഭർത്താവിന്റെ ആത്മാവിനെ ദൈവം സ്വീകരിച്ചിരിക്കുന്നു.' അവൾ ദൈവത്തെ സ്തുതിച്ചു. അതോടെ അവളുടെ ഏങ്ങലടി നിലച്ചു. അവൾ എല്ലാ സാഹചര്യങ്ങളും ഉൾക്കൊണ്ട് ജീവിതത്തിലേക്ക് തിരിച്ചുവന്നു. ഭർത്താവിന്റെ മരണശേഷം റീത്താ തന്റെ ഭക്താഭ്യാസങ്ങൾ തുടർന്നുകൊണ്ടിരുന്നു. ശരീരത്തെ സ്വയം പീഡിപ്പിക്കുകയും, ചമ്മട്ടി കൊണ്ട് അടിക്കുകയും ചെയ്ത് യേശുവിന്റെ സഹനത്തിൽ പങ്കു ചേർന്നു. സഭയിലെ നോമ്പ് ദിനങ്ങളിൽ അവൾ കഠിനമായി ഉപവസിച്ചിരുന്നു. ഇതുകൂടാതെ ഇടയ്ക്കിടയ്ക്ക് ഉപവാസമിരിക്കുന്ന രീതിയും അവൾക്കുണ്ടായിരുന്നു. മാതാവിന്റെ തിരുന്നാൾ ദിവസങ്ങൾ പ്രത്യേകം ആഘോഷിച്ചിരുന്നു. അതിന് ഒരുക്കമായി തലേദിവസം നന്നായി ഉപവസിച്ച് പ്രാർത്ഥിക്കുകയും അനുതപിക്കുകയും ചെയ്തിരുന്നു. അത്ഭുതരോഗശാന്തിവരം ഇക്കാലത്തുതന്നെ റീത്താപുണ്യവതിക്കുണ്ടായിരുന്നു. അവൾ ഒരു 'നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥന ചൊല്ലിയാൽ രോഗികൾ സുഖപ്പെടുമായിരുന്നു. റീത്ത മക്കളെ ദൈവഭക്തിയിലും സുകൃതത്തിലും വളർത്തി. എന്നാൽ കൗമാരം പിന്നിട്ടതോടെ അവരുടെ സ്വഭാവത്തിൽ മാറ്റങ്ങൾ ആരംഭിച്ചു.

തങ്ങളുടെ പിതാവിനെ കൊന്നവരോട് പ്രതികാരം ചെയ്യണമെന്നുള്ള ചിന്ത അവരെ ഗ്രസിച്ചു. പിതാവിന്റെ ഘാതകരെപ്പറ്റി കുട്ടികൾ ഇടയ്ക്കിടയ്ക്ക് സംസാരിക്കുന്നത് റീത്താ കേട്ടു. ഒരു ദിവസം ഈ കുട്ടികൾ ഒരു ഉറച്ച തീരുമാനത്തിലെത്തി , പിതാവിന്റെ ഘാതകരെ കൊല്ലുകതന്നെ. അവരുടെ സംസാരം കേട്ട് റീത്താ ഞെട്ടിപ്പോയി. അവൾ മക്കളെ അടുത്തുവിളിച്ച് ക്ഷമിക്കുന്ന സ്നേഹത്തെപ്പറ്റിയും, ക്രൂശിതന്റെ ക്ഷമയെപ്പറ്റിയും അവർക്ക് പറഞ്ഞുകൊടുത്തു. എന്നാൽ കുഞ്ഞുമനസ്സിൽ ഘാതകരോടുള്ള വൈരാഗ്യം കൂടിവന്നതേയുള്ളൂ. കുട്ടികളുടെ ദുരവസ്ഥ മനസ്സിലാക്കിയ റീത്താ ക്രൂശിതന്റെ അടുക്കലേക്കോടി. നാഥന്റെ മുൻപിൽ ഹൃദയവികാരങ്ങൾ ഇറക്കിവെച്ച് കണ്ണുനീരോടെ പ്രാർത്ഥിച്ചു. അവൾ മനംനൊന്ത് ഇങ്ങനെ പ്രാർത്ഥിച്ചു. 'ഓ ദിവ്യനാഥാ ഒന്നുകിൽ എന്റെ മക്കളുടെ മനസ്സ് മാറ്റിത്തരുക അല്ലെങ്കിൽ അവരുടെ ജീവൻ അങ്ങ് എടുത്തുകൊള്ളുക. അവരുടെ ആത്മാവ് നിത്യനരകത്തിന് അർഹരാകുന്നതിനേക്കാൾ ഭേദം മരിച്ച് സ്വർഗ്ഗം പൂകുന്നതാണല്ലോ.' അവൾ മക്കളോടുപറഞ്ഞു 'പ്രതികാരം നിങ്ങൾക്കുള്ളതല്ല. ആരോടും പ്രതികാരം ചെയ്യരുത്.

അടക്കാനാവാത്ത കോപം ഉണ്ടാകുമ്പോൾ നിങ്ങൾ ക്രൂശിതരൂപത്തെ നോക്കി ഏറെസമയം ധ്യാനിക്കണം. അപ്പോൾ നിങ്ങളുടെ കോപം ഇല്ലാതാകും.' റീത്തായുടെ പ്രാർത്ഥന സ്വർഗ്ഗം സ്വീകരിച്ചു. തന്റെ മക്കളുടെ നിത്യനാശം ആഗ്രഹിക്കാത്ത സ്വർഗ്ഗസ്ഥനായ പിതാവ് ആ കുട്ടികളെ രണ്ടു പേരെയും തന്റെ പക്കലേക്ക് തിരികെ വിളിച്ചു. ആ വർഷം തന്നെ റീത്തായുടെ രണ്ടു മക്കളും മരണമടഞ്ഞു. റീത്താ ഈ ലോകത്തിൽ തനിച്ചായി. ഭർത്താവും മക്കളും അവളെ വിട്ടുപിരിഞ്ഞു. തുടർന്നുള്ള കുറേനാളുകൾ അവൾ ഏകാന്തജീവിതം നയിച്ചു. പള്ളിയുടെ ഒരു കോണിൽ പോയിരുന്ന് ഏറെനേരം പ്രാർത്ഥിക്കും. ഉപവാസവും പ്രായ്ശ്ചിത്ത പ്രവൃത്തികളും അവൾ വർദ്ധിപ്പിച്ചു. ലളിത ജീവിതമാണ് അവൾ നയിച്ചത്. അത്യാവശ്യം മാത്രമേ ഭക്ഷിച്ചിരുന്നുള്ളൂ. ഒരു രോമക്കുപ്പായം മാത്രമേ അവൾക്ക് ഉണ്ടായിരുന്നുള്ളൂ. വി. അഗസ്തീനോസ് ഹിപ്പോയിലെ മെത്രാനായിരിക്കുമ്പോൾ സ്ഥാപിച്ച രണ്ട് മഠങ്ങൾ കാസിയായിലുണ്ടായിരുന്നു. റീത്താ ഈ അഗസ്തീനിയൻ മഠത്തിലേക്ക് യാത്രയായി. യാത്രയുടെ അവസാനം വി. മേരി മഗ്ദലനാ മഠത്തിലെത്തി. അവിടുത്തെ ചാപ്പലിലിരുന്ന് കുറേനേരം പ്രാർത്ഥിച്ചു. തന്റെ ഇംഗിതം നാഥനെ അറിയിച്ചിട്ട് തിരികെ ഭവനത്തിലേക്ക് പോന്നു.

വീട്ടിലെത്തിയ അവൾ തന്റെ മുറിയിലെ ക്രൂശിതരൂപത്തിന്റെ മുൻപിലിരുന്ന് പ്രാർത്ഥനയാരംഭിച്ചു. പെട്ടെന്ന് ആ ക്രൂശിതരൂപത്തിൽ നിന്ന് ഒരു പ്രകാശകിരണം റീത്തായുടെ ഹൃദയത്തിൽ പതിച്ചു. ഒരു

ഉൾവിളി കിട്ടിയവളെപ്പോലെ വീണ്ടും റീത്താ, മേരി മഗ്ദലനാ മഠത്തിലെത്തി വാതിൽക്കൽ മുട്ടി. തന്റെ ആഗമനോദ്ദേശ്യം കന്യാസ്ത്രീകളെ അറിയിച്ചപ്പോൾ അവർ അവളെ മഠത്തിനുള്ളിലേക്ക് ക്ഷണിച്ചു. മദർ, റീത്തായുടെ ജീവിതകഥ മുഴുവനും ശ്രദ്ധിച്ചുകേട്ടു. സംഭാഷണത്തിന്റെ അവസാനം വി. അഗസ്തീനോസിന്റെ ആത്മീയ പുത്രിയാകുവാനുള്ള തന്റെ ആഗ്രഹം മദറിനോട് തുറന്നുപറഞ്ഞു. മഠം സ്ഥാപിച്ച നാൾ മുതൽ ഇതുവരെ ഒരു വിധവയെ ഇവിടെ കന്യാസ്ത്രീയാക്കിയിട്ടില്ല എന്നതായിരുന്നു മറുപടി. മനം ഇടിഞ്ഞ അവൾ മഠത്തിൽനിന്നിറങ്ങി. വീട്ടിലേക്ക് പോകുന്നതിനു പകരം അടുത്തുള്ള ഒരു സുഹൃത്തിന്റെ വീട്ടിൽ അഭയം പ്രാപിച്ചു. അവിടെയിരുന്ന് പ്രാർത്ഥിച്ചൊരുങ്ങിയതിനുശേഷം വീണ്ടും കന്യാസ്ത്രീ ആകുവാനുള്ള ആഗ്രഹവുമായി മഠത്തിൽ വന്ന് മദറിനെ കണ്ടു. അന്നും മഠത്തിന്റെ വാതിൽ അവളുടെ മുൻപിൽ കൊട്ടിയടയ്ക്കപ്പെട്ടു. സങ്കടത്തോടെ റീത്താ വീട്ടിലേക്ക് യാത്രയായി. വീട്ടിലെത്തിയ അവൾ നാഥന്റെ മുൻപിൽ നിരന്തരം യാചിച്ചുകൊണ്ടിരുന്നു.

ഒരു ദിവസം രാത്രിയിൽ പ്രാർത്ഥിക്കുന്ന അവസരത്തിൽ ദൈവം റീത്തായോട് സംസാരിച്ചു: 'റീത്താ... റീത്താ... നിന്റെ പ്രാർത്ഥന സ്വർഗ്ഗം സ്വീകരിച്ചിരിക്കുന്നു. മഗ്ദലനാ മഠത്തിന്റെ വാതിൽ നിനക്കായി തുറക്കാൻ സമയമായിരിക്കുന്നു.' ഗാംഭീര്യമുള്ള പുരുഷ ശബ്ദം കേട്ട് അവൾ വാതിൽ തുറന്നു. ഒട്ടകരോമം ധരിച്ചൊരാൾ അതാ വാതിൽക്കൽ നിൽക്കുന്നു. അരയിൽ തോൽവാറുമുണ്ട്. അത് തനിക്കൊത്തിരി ഇഷ്ടപ്പെട്ട വി. സ്നാപകയോഹന്നാനാണ് എന്ന് അവൾക്ക് മനസ്സിലായി. തന്നെ അനുഗമിക്കുവാൻ അദ്ദേഹം അവളെ ക്ഷണിച്ചു. റീത്താ സന്തോഷത്തോടെ വിശുദ്ധനെ അനുഗമിച്ചു. വഴിയിൽവച്ച് വി. അഗസ്തീനോസും വി. നിക്കോളോസും പുണ്യവതിക്ക് പ്രത്യക്ഷപ്പെട്ടു. അവരുടെ അകമ്പടിയോടെ അവൾ മഠത്തിലേക്ക് ആ രാത്രി യാത്രയായി. ജനലുകളും വാതിലുകളും അടയ്ക്കപ്പെട്ട മഠത്തിന്റെ ആവൃതിക്കുള്ളിലേക്ക് വിശുദ്ധർ റീത്തായെ നയിച്ചു. ആവൃതിക്കുള്ളിൽ അവളെ എത്തിച്ചശേഷം ഈ വിശുദ്ധർ അപ്രത്യക്ഷരായി. പ്രഭാതത്തിലുണർന്ന സിസ്റ്റേഴ്സ് ആവൃതിക്കുള്ളിൽ നിൽക്കുന്ന റീത്തായെ കണ്ടു ഞെട്ടി. വാതിലും ജനലും ഭദ്രമായി അടച്ചിരുന്ന മഠത്തിനുള്ളിൽ ഈ അൽമായ സ്ത്രീ എങ്ങനെയെത്തി? ആ മഠത്തിലെ മദറിനു മാത്രമേ അവളെ മുൻപരിചയം ഉണ്ടായിരുന്നുള്ളൂ. മദർ അവളോട് സംസാരിച്ചു. കഴിഞ്ഞ രാത്രിയിൽ വിശുദ്ധരുടെ അകമ്പടിയോടെ മഠത്തിനുള്ളിലെത്തിയ സംഭവം എളിമയോടെ റീത്താ പങ്കുവച്ചു. റീത്തായുടെ ജീവിതത്തിലെ ദൈവിക ഇടപെടൽ കേട്ട സഹോദരിമാർ ഒന്നടങ്കം വിളിച്ചുപറഞ്ഞു ' നിന്നെ ഞങ്ങളിൽ ഒരുവളായി സ്വീകരിക്കുന്നു'. മഠത്തിലെ ഒരംഗമായി സ്വീകരിക്കാം എന്നുള്ള വാർത്ത അവളെ ആനന്ദിപ്പിച്ചു. കുഞ്ഞുനാൾ മുതൽ ഉള്ളിൽ കൊണ്ടു നടന്ന ആഗ്രഹത്തിന്റെ പൂർത്തീകരണത്തിനുള്ള സമയമായി. ഉറച്ച തീരുമാനത്തോടെ മഠത്തിലേക്ക് കാലെടുത്തുവെച്ചു.

മഗ്ദലനാ മഠത്തിൽവച്ച് അഗസ്തീനിയൻ സന്യാസിനികളുടെ സഭാവസ്ത്രം സ്വീകരിച്ചു. നവസന്യാസത്തിന്റെ ആരംഭം മുതൽതന്നെ നിയമങ്ങളെല്ലാം കർശനമായി പാലിക്കാൻ ശ്രദ്ധിച്ചു. മഠത്തിലിരുന്ന് നന്നായി പ്രാർത്ഥിച്ചൊരുങ്ങി. അത്ഭുതകരമായി മഠത്തിലെത്തിയ ദിവസത്തിന്റെ വാർഷികം ഓരോ വർഷവും പ്രാർത്ഥനാപൂർവ്വം ആഘോഷിച്ചു. അങ്ങനെ നവസന്യാസകാലഘട്ടം പൂർത്തീകരിച്ചു. ദാരിദ്ര്യം, കന്യാത്വം, അനുസരണം എന്നീ വ്രതങ്ങൾ പാലിച്ചുകൊണ്ട് സമർപ്പണജീവിതം നയിക്കുവാൻ തീരുമാനമെടുത്തു. വ്രതവാഗ്ദാന ദിവസം മറ്റു സഹോദരിമാരോടൊപ്പം റീത്തായും വ്രതവാഗ്ദാനം നടത്തി യേശുവിന്റെ മണവാട്ടിയായി. അന്നു രാത്രി തന്റെ മുറിയിലുള്ള ക്രൂശിതരൂപത്തിന്റെ മുൻപിലിരുന്ന് പ്രാർത്ഥിക്കുമ്പോൾ അവൾക്കൊരു സ്വർഗ്ഗീയ ദർശനമുണ്ടായി. സ്വർഗ്ഗം മുട്ടുവോളം ഒരു ഗോവണി. ഈ ഗോവണിയിലൂടെ മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നു. ഈ ദർശനത്തിന്റെ അർത്ഥം ഗ്രഹിക്കുവാൻ ആവാതെ വിഷമിച്ച അവസരത്തിൽ ഒരു സ്വരമുണ്ടായി. ''റീത്താ, സ്വർഗ്ഗസ്ഥനായ ദൈവത്തോട് ഐക്യപ്പെടാൻ ആഗ്രഹിക്കുന്നുവെങ്കിൽ നീ ഈ ഗോവണി കയറേണ്ടിയിരിക്കുന്നു'' ദർശനത്തിന്റെ അർത്ഥം മനസ്സിലാക്കിയ റീത്താ സഹനത്തിന്റെ വഴിയിലൂടെ സ്വർഗ്ഗം പൂൽകുവാൻ തീരുമാനിച്ചു. തന്റെ ചിന്തയിൽ പോലും ഒരു പാപം വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. അങ്ങനെ റീത്താകന്യാസ്ത്രീ പുണ്യത്തിൽ വളരാൻ തുടങ്ങി. റീത്താ ഉറച്ച ബോധ്യത്തോടെ സന്യാസത്തിൽ മുന്നേറി. ക്രിസ്തുവിനെ അനുഗമിക്കുവാൻ തീരുമാനിച്ചു. അതിന് ദാരിദ്ര്യം, അനുസരണം, കന്യാത്വം എന്നീ വ്രതങ്ങൾ ആവശ്യമാണെന്ന് ഒരിക്കൽക്കൂടി ബോധ്യമായി. മഠത്തിൽ ലളിത ജീവിതമാണ് അവൾ നയിച്ചത്.

സന്യാസജീവിതത്തിലേക്ക് പ്രവേശിച്ചപ്പോൾ ലഭിച്ച ഒരു ഉടുപ്പ് മാത്രമേ സ്വന്തമായി ഉണ്ടായിരുന്നുള്ളൂ.

ആ വസ്ത്രമാകട്ടെ കീറിയഭാഗം തുണിക്കഷണങ്ങൾ വച്ച് കേടുപോക്കിയ രീതിയിലും! മരിച്ചപ്പോഴും ആ ഉടുപ്പ് ധരിപ്പിച്ചാണ് പുണ്യവതിയെ അടക്കിയത്. എന്തു കൊണ്ട് ഇത്ര ദാരിദ്ര്യം എടുക്കുന്നുവെന്ന് മറ്റുള്ളവർ ചോദിച്ചാൽ റീത്തായുടെ ഉത്തരം ഇതായിരുന്നു 'ക്രിസ്തുവിന്റെ ദാരിദ്ര്യത്തിൽ ഞാനും പങ്കു ചേരുകയാണ്. ഇടുങ്ങിയ ഒരു മുറിയാണ് മഠത്തിൽ അവൾക്കു ലഭിച്ചത്. കഷ്ടിച്ച് ഒരാൾക്ക് മുട്ടുകുത്തുവാനുള്ള സ്ഥലമേ അതിനുണ്ടായിരുന്നുള്ളൂ. എങ്കിലും റീത്താ അതീവ തൃപ്തയായിരുന്നു. മുറിയിലെ ഭിത്തിയിൽ ഒരു ക്രൂശിതരൂപം വെച്ചിരുന്നു. ഒഴിവുസമയങ്ങളിലെല്ലാം ഈ രൂപത്തിന്റെ മുൻപിലിരുന്ന് പ്രാർത്ഥിക്കും. അനുസരണത്തിന്റെ കാര്യത്തിൽ മറ്റു സന്യാസിനികളേക്കാൾ അവൾ ഏറെ മുൻപന്തിയിലായിരുന്നു. അധികാരികളുടെ ഒരു വാക്ക് ധിക്കരിക്കുന്നതിനേക്കാൾ ഭേദം മരിക്കുന്നതാണ് നല്ലതെന്ന് അവൾ കരുതി. ചെറുപ്പം മുതൽ തന്റെ കന്യാത്വം ദൈവത്തിനായി സമർപ്പിക്കാനാഗ്രഹിച്ച റീത്തായ്ക്ക് മാതാപിതാക്കളുടെ പ്രത്യേക സാഹചര്യം മനസ്സിലാക്കി വിവാഹം കഴിക്കേ ണ്ടി വന്നു. ഭാര്യയും അമ്മയുമായി ജീവിക്കേണ്ടി വന്നപ്പോഴും സദാസമയവും ആ ജീവിതാന്തസ്സിടുത്ത പരിപൂർണ്ണ വിശുദ്ധി അവൾ പാലിച്ചു.

ഭർത്താവിന്റെയും മക്കളുടെയും മരണശേഷം അത്ഭുതകരമായി മഠത്തിൽ പ്രവേശിക്കുകയും മഠത്തിലെ ആവൃതിക്കുള്ളിൽ ബ്രഹ്മചര്യവ്രതാനുഷ്ഠാനത്തിൽ മുന്നേറുകയും ചെയ്തു. ശരീരത്തിലും ഹൃദയത്തിലും ചിന്തയിലും പൂർണ്ണവിശുദ്ധി പാലിച്ചു. വളരെ കുറച്ചു മാത്രമേ സംസാരിച്ചിരുന്നുള്ളൂ. അതും അളന്നും തൂക്കിയും മാത്രം. സഭയിലെ എല്ലാ പ്രധാനതിരുനാളുകളും അവൾ പ്രത്യേകം ആഘോഷിച്ചു. പ്രത്യേക വിശുദ്ധരുടെയും മാതാവിന്റെയും തിരുനാളിന് തലേദിവസം തന്നെ നന്നായി ഉപവസിച്ച് പ്രാർത്ഥിച്ചിരുന്നു. ഉപവാസ ദിവസങ്ങളിലും തന്റെ ജോലികൾക്കൊന്നും കുറവു വരുത്തിയിട്ടില്ല. ഉൽസാഹപൂർവ്വം തനിക്കേൽപ്പിക്കപ്പെട്ട എല്ലാ ജോലികളും അതിന്റെ പൂർണ്ണതയിൽ ചെയ്തു. അത്യധികം ക്ഷീണിക്കുമ്പോൾ തറയിൽ അൽപസമയം ചാരിയിരിക്കും. അതിനുശേഷം വീണ്ടും ജോലി തുടങ്ങും. രാത്രിയിൽ മൂന്നോ നാലോ മണിക്കൂർ മാത്രമാണ് ഉറക്കം. ബാക്കി സമയം വസ്ത്രം നെയ്യുകയും പ്രാർത്ഥിക്കുകയും ചെയ്യും. ' ഭാര്യയായും അമ്മയായും അതേത്തുടർന്ന് ഒരു സന്യാസിനിയായും ജീവിച്ച റീത്തായുടെ അനുസരണം എത്രത്തോളമാണെന്ന് പരിശോധിക്കാൻ മദർ തീരുമാനിച്ചു.

ഒരു ദിവസം മദർ റീത്തായെ വിളിച്ചിട്ട് പറഞ്ഞു 'പൂന്തോട്ടത്തിലെ ഉണങ്ങിപ്പോയ മുന്തിരിക്കമ്പിന് ദിവസവും വെള്ളം ഒഴിക്കുക' മാസങ്ങളോളം റീത്താ ഉണങ്ങിയ മുന്തിരിക്കമ്പിന് വെള്ളം ഒഴിച്ചുകൊണ്ടിരുന്നു. മുന്തിരിച്ചെടിയുടെ കമ്പുണങ്ങി, ഇനി അത് തളിർക്കില്ലായെന്ന് അറിയാമായിരുന്നെങ്കിലും അനുസരണത്തിന്റെ പേരിൽ എന്നും വെള്ളമൊഴിച്ചു. ഇത് ഒരു നിരർത്ഥക പ്രവൃത്തിയാണിതെന്ന് മദറിനെ ബോധ്യപ്പെടുത്താൻ പോയില്ല. എങ്കിലും മദർ റീത്തായെ ഓരോ ദിവസവും ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഒരു വർഷം കഴിഞ്ഞപ്പോൾ പുണ്യവതിയുടെ അനുസരണത്തിന് പ്രതിഫലം കിട്ടി. ഉണങ്ങിയ മുന്തിരിക്കമ്പ് എല്ലാവരേയും അത്ഭുതപ്പെടുത്തികൊണ്ട് തളിർത്തു. അത് പൂത്തു മുന്തിരിഫലങ്ങൾ പുറപ്പെടുവിച്ചു. അറുന്നൂറ് വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നും ഈ മുന്തിരിച്ചെടി നശിക്കാതെ അത്ഭുതമുന്തിരിച്ചെടിയായി അവിടെ വളരുന്നു. ഇഹലോക ജീവിതത്തിൽ അനേകം തവണ പിശാച് റീത്തായെ പരീക്ഷിച്ചിട്ടുണ്ട്. അപ്പോഴെല്ലാം അവൾ വിശുദ്ധകുരിശിന്റെ നാമത്തിൽ അവയെ ബഹിഷ്കരിച്ചിട്ടുമുണ്ട്. ഒരിക്കൽ ഒരു പിശാചുബാധിതയായ സ്ത്രീയെ റീത്തായുടെ അടുത്തു കൊണ്ടുവന്നു. ഈ സ്ത്രീ അലറുകയും പല്ലു കടിക്കുകയും മറ്റുള്ളവരെ ഉപദ്രവിക്കുകയും ചെയ്തിരുന്നു. റീത്താ സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്തി പ്രാർത്ഥിച്ചു. അതിനു ശേഷം ആ സ്ത്രീയുടെ നെറ്റിയിൽ വിശുദ്ധകുരിശ് മുദ്ര ചെയ്തു. തൽക്ഷണം ഒരു അലർച്ചയോടെ ആ സ്ത്രീയെ തള്ളിയിട്ടതിനുശേഷം പിശാച് വിട്ടു പോയി.

നിങ്ങളുടെ ജീവിതത്തിൽ തിന്മയുടെ സ്വാധീനം ഉണ്ടാകുമ്പോൾ നെറ്റിയിൽ വിശുദ്ധകുരിശിന്റെ അടയാളം വരച്ച് പ്രാർത്ഥിക്കുക. ഇത് സഭ അംഗീകരിച്ചതും അനേകം വിശുദ്ധർ പിൻചെന്നതുമായ വഴിയാണ്. ഒരിക്കൽ കാസിയായിലെ മാതാവിന്റെ പള്ളിയിൽ വാർഷികധ്യാനം നടക്കുകയാണ്. റീത്തായും ആ ധ്യാനത്തിൽ സംബന്ധിക്കുന്നുണ്ട്. ധ്യാനഗുരു ശക്തമായ ഭാഷയിൽ യേശുവിന്റെ പീഡാസഹനത്തെപ്പറ്റിയും യേശു മുൾക്കിരീടം അണിഞ്ഞതിനെപ്പറ്റിയും പ്രസംഗിച്ചു. ചെറുപ്പം മുതലേ യേശുവിന്റെ കുരിശുമരണത്തെപ്പറ്റി ധ്യാനിച്ചുപോന്ന റീത്തായിൽ ആ പ്രസംഗം വലിയ ചലനങ്ങൾത്തന്നെ സൃഷ്ടിച്ചു. തന്റെ പാപത്തെയോർത്ത് അവൾ പൊട്ടിക്കരഞ്ഞു. ഞാൻ പാപം ചെയ്ത് ഇനിയൊരിക്കലും തമ്പുരാനെ വേദനിപ്പിക്കില്ലായെന്നവൾ ഉറപ്പിച്ചു. ധ്യാനത്തിനുശേഷം മഠത്തിലെത്തി. രാത്രിയിൽ എല്ലാവരും ഉറക്കമായപ്പോൾ റീത്താ ഉണർന്നു. ക്രൂശിതരൂപത്തിന്റെ മുൻപിൽ പോയി

യേശുവിന്റെ മുൾക്കിരീടത്തെ നോക്കി ഏറെനേരം ധ്യാനിച്ചു. അവിടുത്തെ വേദനിപ്പിച്ച മുൾക്കിരീടത്തിലെ ഒരു മുള്ള് തനിക്ക് തരണമെന്ന് അവൾ താണുകേണപേക്ഷിച്ചു. തന്റെ മണവാട്ടിയുടെ ആഗ്രഹം നിറവേറ്റാൻ യേശു തിരുമനസ്സായി. ഉടൻ തന്നെ മുൾക്കിരീടത്തെ ഒരു വില്ലായും, അതിലെ ഒരു മുള്ളിനെ അമ്പായും ഉപയോഗിച്ച് ഈശോ ഒരു മുള്ളയെയ്തു. അത് നെറ്റിയുടെ നടുഭാഗത്തായി ആഴ്ന്നിറങ്ങി. അതിന്റെ ആഘാതത്തിൽ പുണ്യവതി ബോധരഹിതയായി നിലത്തുവീണു.

അമ്പിന്റെ വേദന മരണത്തോളം എത്തിച്ചു. സഹോദരിമാർ ശബ്ദം കേട്ട് ഓടിവന്നു. അവർ റീത്തായെ ശുശ്രൂഷിച്ചു. അൽപസമയത്തിനുശേഷം അവൾക്ക് ബോധം തിരിച്ചുകിട്ടി. എന്നാൽ കഴിഞ്ഞ മണിക്കൂറിൽ എന്താണ് സംഭവിച്ചതെന്ന് റീത്താ അവർക്ക് വെളിപ്പെടുത്തിയില്ല. കാരണം അത് ഉൾക്കൊള്ളുവാനുള്ള ആത്മീയവളർച്ച അവർക്കില്ലായിരുന്നു. ഏതാനും ദിവസങ്ങൾ കഴിഞ്ഞു. നെറ്റിയിലെ മുറിവ് വികൃതരൂപമെടുത്തു. ഈ മുറിവ് മഠത്തിലെ ചില സഹോദരിമാർക്ക് അസഹനീയമായി. അവർ റീത്തായെ കുറ്റപ്പെടുത്താൻ തുടങ്ങി. മുറിവിന്റെ വേദനയും സഹോദരിമാരുടെ കുറ്റപ്പെടുത്തലും അവളുടെ സഹനശക്തി വർദ്ധിപ്പിച്ചു. വേദന തീവ്രമാകുമ്പോൾ റീത്താ ഇങ്ങനെ പ്രാർത്ഥിക്കും'ഓ എന്റെ ഈശോയെ എന്റെ സഹനം വർദ്ധിപ്പിക്കുന്നതുപോലെ എന്റെ ക്ഷമയും വളർത്തണമേ' മരണനിമിഷം വരെ റീത്തായുടെ നെറ്റിയിൽ ഈ മുറിവുണ്ടായിരുന്നു. 1450, സഭ വിശുദ്ധവത്സരമായി ആഘോഷിക്കുന്ന സമയം, നിക്കോളോസ് അഞ്ചാമൻ മാർപാപ്പ റോമിൽ പോയി പ്രാർത്ഥിക്കുന്നവർക്ക് പ്രത്യേക ദണ്ഡവിമോചനം പ്രഖ്യാപിച്ചു. റീത്തായും റോമിൽ പോകാൻ ആഗ്രഹിച്ചു. മദറിനോട് അനുവാദം ചോദിച്ചു. എന്നാൽ വികൃതമായ മുറിവുമായി റോമിനു പോകാൻ പറ്റില്ല എന്നതായിരുന്നു മദറിന്റെ മറുപടി. നെറ്റിയിലെ മുറിവുമൂലമാണല്ലോ തനിക്ക് യാത്ര നിഷേധിക്കപ്പെട്ടത്. അവൾ പൊട്ടിക്കരഞ്ഞു. ദിവ്യനാഥനോട് കണ്ണീരോടെ പ്രാർത്ഥിച്ചു. 'നാഥാ റോമിൽപോയി പ്രാർത്ഥിച്ച് തിരിച്ചുവരുന്നതുവരെ ഈ മുറിവ് എന്റെ നെറ്റിയിൽനിന്ന് മാറ്റിത്തരാമോ? എന്നാൽ അതിന്റെ വേദന മാറാതെ എന്റെ ശരീരത്തിൽ നിലകൊള്ളുകയും ചെയ്യണം.' പെട്ടെന്ന് നെറ്റിയിലെ മുറിവ് അപ്രത്യക്ഷമായി. അങ്ങനെ മറ്റു സഹോദരിമാർക്കൊപ്പം റീത്തായും റോമിലേക്ക് യാത്രയായി. 144 കിലോമീറ്റർ നടന്ന് റോമിലെത്തി.

യാത്രാവേളയിൽ ഭിക്ഷാടനം നടത്തിയാണ് അവർ ഭക്ഷണം കഴിച്ചത്. റോമിലെത്തിയ അവർ അനുവദിക്കപ്പെട്ട ദേവാലയങ്ങളിലെല്ലാം പോയി പ്രാർത്ഥിച്ച് ദണ്ഡവിമോചനം നേടി. അനേകം രക്തസാക്ഷികളുടെയും വിശുദ്ധരുടെയും കബറിടങ്ങൾ സന്ദർശിച്ചു. തീർത്ഥാടനത്തിനുശേഷം കാസിയായിലേക്ക് തിരികെ പോന്നു. മഠത്തിലെത്തിയ ഉടനെ ക്രൂശിതരൂപത്തിന്റെ മുൻപിൽ പോയി ഇങ്ങനെ പ്രാർത്ഥിച്ചു. 'നാഥാ... ഇനി ആ മുറിവ് എനിക്ക് തിരികെ തന്നാലും.' ഉടൻതന്നെ നെറ്റിയിൽ പഴയമുറിവ് വീണ്ടും പ്രത്യക്ഷപ്പെട്ടു. വേദന വീണ്ടും കഠോരമായി, മുറിവ് വികൃതമായി. മുറിവിൽ കൂടി പുഴുക്കൾ അരിക്കാൻ തുടങ്ങി. ഈ പുഴുക്കളെ പുണ്യവതി തന്റെ 'ഉപകാരികൾ'എന്നാണ് വിളിച്ചിരുന്നത്. മുറിവിന്റെ ദുർഗന്ധം മറ്റാർക്കും അനുഭവവേദ്യമാകാതിരിക്കാൻ റീത്താ പ്രത്യേകം ശ്രദ്ധിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. റോമിൽ നിന്ന് വന്നതിനുശേഷം നെറ്റിയിലെ മുറിവിന്റെ വേദന കൂടിക്കൊണ്ടിരുന്നു. നാലു വർഷത്തോളം ആ വേദന തുടർന്നു. കർത്താവ് ഈ നാളുകളിൽ പല പ്രാവശ്യം പ്രത്യക്ഷപ്പെട്ടു. ദൈവസ്നേഹത്താൽ വ്രണിതയായ അവൾ രോഗത്തിനടിമയായി. ഒരു പനി അവളെ ഗ്രസിച്ചു, ഒപ്പം നെറ്റിയിലെ മുറിവിന്റെ രൂക്ഷതയും. ഒരിക്കൽ ഒരു ബന്ധു റീത്തായെ സന്ദർശിക്കാൻ മഠത്തിൽ വന്നു. റീത്താ പനി പിടിച്ച് കിടപ്പിലായിരുന്നു. അവർ അൽപനേരം സംസാരിച്ചു. സംസാരമദ്ധ്യേ അവൾ ഒരു റോസാപ്പൂവ് ആവശ്യപ്പെട്ടു. അത് റോസാപ്പൂവിന്റെ കാലമല്ലായിരുന്നു. എവിടെയും റോസാപ്പൂക്കൾ ലഭിക്കാനില്ല. പുണ്യവതിയുടെ ആഗ്രഹം നിറവേറ്റാൻ കഴിയാത്തതിനാൽ ആ സഹോദരി വിഷമിച്ചു. പൂവ് കിട്ടാനില്ല എന്നുള്ള കാര്യം അവൾ റീത്തായെ അറിയിച്ചു. എന്നാൽ പുണ്യവതി പറഞ്ഞു. റോക്കോപ്പോറേനായിലെ എന്റെ പഴയ പൂന്തോട്ടത്തിൽ ഒരു റോസാപ്പൂവ് ഉണ്ട്. അത് എനിക്ക് പറിച്ചു കൊണ്ടുവന്ന് തരിക.

ആ സഹോദരി നിരാശയോടെ മുറിവിട്ട് പൂന്തോട്ടത്തിലെത്തി. അവിടെ കണ്ട കാഴ്ച അവളുടെ കണ്ണ് തുറപ്പിച്ചു. അതാ പൂക്കൾ ഇല്ലാത്ത കാലത്ത് മുള്ളിൽ ഉയർന്നുനിൽക്കുന്ന വിടർന്ന ഒരു റോസാപുഷ്പം. അവൾ ആ പൂവ് മുറിച്ചെടുത്ത് റീത്തയ്ക്ക് കൊടുത്തു. അത്യധികം സന്തോഷത്തോടെ അവൾ പൂവ് സ്വീകരിച്ചു. മുള്ളിൽ വിരിഞ്ഞ പുഷ്പത്തിൽ അവൾ മുൾക്കിരീടം ചൂടിയ ഈശോയെ ദർശിച്ചു. ആ പുഷ്പത്തെ ചുംബിച്ചതിനു ശേഷം റീത്താ അത് മദറിന് കൈമാറി. അവർ ആ പൂവ് ക്രൂശിതരൂപത്തിന് മുൻപിൽ സമർപ്പിച്ചു. ഇന്നും റോക്കോപ്പോറേനായിലെ പൂന്തോട്ടത്തിൽ എല്ലാ കാലത്തും റോസാപ്പൂക്കൾ

വിരിയുന്നു. ഈ അത്ഭുതസംഭവത്തെ അനുസ്മരിക്കാനായി അഗസ്റ്റീനിയൻ സഭയിലെ പള്ളികളിൽ റീത്താ പുണ്യവതിയുടെ തിരുനാൾ ദിനമായ മെയ് 22നു പനിനീർ പൂവ് വെഞ്ചരിച്ച് ഇന്നും നൽകപ്പെടുന്നു. ഒരു ദിവസം ഈശോയും പരിശുദ്ധ മാതാവും പ്രത്യക്ഷപ്പെട്ട് അവളോട് പറഞ്ഞു. 'നിന്റെ സ്വർഗ്ഗയാത്രയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കുക. സ്വർഗ്ഗരാജ്യത്തിലെ നിത്യഭാഗ്യം അനുഭവിക്കാൻ ഏതാനും ദിവസങ്ങൾക്കുള്ളിൽ നീ ഈ ലോകത്തോട് യാത്ര പറയും' ഈ ദർശനം അവളുടെ ഹൃദയത്തിന് ആനന്ദം നൽകി. മഗ്ദലനാ മഠത്തിലെ സിസ്റ്റേഴ്സെല്ലാം ഈ വിവരമറിഞ്ഞ് പുണ്യവതിയുടെ കട്ടിലിന് ചുറ്റും മുട്ടുകുത്തി പ്രാർത്ഥിച്ചു. തന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ ക്ഷമിക്കണമെന്ന് അവൾ മദറിനോടും മറ്റു സഹോദരിമാരോടും അപേക്ഷിച്ചു. തന്റെ നെറ്റിയിലെ മുറിവുമൂലം മറ്റുള്ളവർക്കുണ്ടായ ബുദ്ധിമുട്ടുകൾ പൊറുക്കണമെന്ന് അവൾ അപേക്ഷിച്ചു. 'ഞാൻ സ്വർഗരാജ്യത്തിൽ പ്രവേശിക്കാൻ വേണ്ടി നിങ്ങൾ എനിക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണമേ.' ഈ വാക്കുകൾ കേട്ട് അവർ പൊട്ടിക്കരഞ്ഞു. അവളുടെ നിർദ്ദേശപ്രകാരം തന്നെ രോഗീലേപനം നൽകപ്പെട്ടു. പാപങ്ങൾ ഏറ്റുപറഞ്ഞ് കുമ്പസാരിച്ചു. അതിനുശേഷം ദിവ്യകാരുണ്യം സ്വീകരിച്ചു. തൽക്ഷണം നെറ്റിയിലെ മുറിവിന്റെ വേദന ഇല്ലാതായി. അവളുടെ മുഖം ദിവ്യാനന്ദത്തിൽ മുഴുകി. സഹോദരിമാർ ചുറ്റുംനിന്ന് റീത്തായുടെ പ്രിയപ്പെട്ട വിശുദ്ധരായ വി. സ്നാപകയോഹന്നാൻ, വി. അഗസ്റ്റീനോസ്, വി. നിക്കോളാസ്, പരി. കന്യകാമറിയം ഇവരുടെ മാധ്യസ്ഥം അപേക്ഷിച്ചുകൊണ്ടിരുന്നു.

1457 മെയ് 22, റീത്തായുടെ ആത്മാവിനെ മാലാഖമാർ സ്വർഗ്ഗത്തിലേക്ക് സംവഹിച്ചുകൊണ്ടുപോയി. മരിക്കുമ്പോൾ അവൾക്ക് 76 വയസ്സായിരുന്നു. മരണസമയത്ത് കാസിയായിലെ ദേവാലയമണിയും മഗ്ദലനാ മഠത്തിലെ മണിയും താനെ മുഴങ്ങി. മണിനാദം കേട്ട് ജനങ്ങൾ മഠത്തിലേക്കൊഴുകി. റീത്തായുടെ മരണവാർത്തയറിഞ്ഞവർ പൊട്ടിക്കരഞ്ഞു. ആ വേർപാട് ആ പട്ടണത്തിലെ ജനത്തെ മുഴുവനും ദുഃഖത്തിലാഴ്ത്തി. മരിച്ചയുടനെ അവളുടെ മൃതശരീരം കിടന്ന മുറിയിൽ അലൗകികമായ ഒരു പ്രകാശം നിറഞ്ഞു. നെറ്റിയിലെ മുറിവിന്റെ ദുർഗന്ധത്തെ ഭേദിച്ചുകൊണ്ട് ആ പരിസരമാകെ റോസാപ്പൂവിന്റെ സുഗന്ധം പരന്നു. മഠത്തിൽ പ്രവേശിച്ച അവസരത്തിൽ കിട്ടിയ സഭാവസ്ത്രം ധരിപ്പിച്ച് പള്ളിയിലെ അൾത്താരയ്ക്ക് മുൻപിൽ മൂന്നുദിവസം പൊതുദർശനത്തിനായി വെച്ചു. ജനങ്ങൾ തങ്ങളുടെ അമ്മയെ കാണാൻ കാസിയായിലേക്കൊഴുകി. ഇതിനിടയിൽ ചില ഭക്തർ റീത്തായുടെ മൃതദേഹം അടക്കേണ്ട എന്നു പറഞ്ഞ് രംഗത്തുവന്നു. കാരണം മരണത്തിന്റേതായ ഒരു അടയാളവും ആ ശരീരത്തിൽ ദൃശ്യമായിരുന്നില്ല. ശാന്തമായുറങ്ങുന്ന അവസ്ഥയിലായിരുന്നു മൃതദേഹം. അവസാനം ആ ശരീരത്തെ കാണണമെന്ന് ആഗ്രഹിക്കുന്നവർക്ക് കാണാൻ പറ്റുന്നവിധത്തിൽ കബറടക്കാൻ തീരുമാനമായി. ആ പുണ്യശരീരം ഒരു മഞ്ചത്തിലാക്കി, നെറ്റിയിലെ മുറിവ് ജനത്തിന് കാണത്തക്കവിധം തന്നെ സംസ്കരിച്ചു. റീത്തായുടെ കബറടക്കസമയത്ത് കത്തിച്ച മെഴുകുതിരികൾ ഇന്നും അവിടെ കെടാതെ നിൽക്കുന്നു. അസാധ്യകാര്യങ്ങളുടെ മധ്യസ്ഥനായി വി. യൂദാസ് തദ്ദേവൂസ് സഭയിൽ വണങ്ങപ്പെടുമ്പോൾ അസാധ്യകാര്യങ്ങളുടെ മധ്യസ്ഥയെന്നറിയപ്പെടുന്നത് വിശുദ്ധ റീത്തായാണ്. റീത്താ മരിച്ചിട്ട് 550ലേറെ വർഷങ്ങൾ കഴിഞ്ഞെങ്കിലും ഇന്നും ആ ശരീരം കേടുകൂടാതെ ഇരിക്കുന്നു. മരണസമയത്ത് അവളെ ധരിപ്പിച്ച സഭാവസ്ത്രത്തിന് ഇന്നും യാതൊരു കോട്ടവും സംഭവിച്ചിട്ടില്ല. മരിച്ചപ്പോൾ കണ്ണുകൾ അടഞ്ഞാണ് ഇരുന്നതെങ്കിലും വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെട്ട ദിവസം കണ്ണുകൾ പാതി തുറന്ന അവസ്ഥയിലായിരുന്നു. 1628 ഒക്ടോബർ 1ന് ഉർബൻ മൂന്നാമൻ മാർപാപ്പ റീത്തായെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. 1900 ഏപ്രിൽ 8ന് ലിയോ പതിമൂന്നാമൻ മാർപാപ്പ റീത്തായെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുവാനുള്ള അനുവാദം നൽകി.

വിശുദ്ധ റീത്താ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ...